# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

# കോഓർഡിനേഷൻ സമിതി

## 21.08.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8.15ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു.നഗരകാര്യ വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.07.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** 2013-14 വാർഷിക പദ്ധതിയിൽ 1209 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 206525 പ്രോജക്ടുകൾ രൂപീകരിക്കുകയുണ്ടായി. അവയുടെ ആകെ അടങ്കൽ 10797 കോടി രൂപയാണ്. 1208 തദ്ദേശഭരണ സ്ഥാപനങ്ങളിലെ 201117 പ്രോജക്ടുകളുടെ വെറ്റിംഗ് പൂർത്തീകരിച്ചു. അവയുടെ അടങ്കൽ 10390 കോടി രൂപയാണ്. 1198 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 196964 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരം ലഭിച്ചു. അവയുടെ അടങ്കൽ 10039 കോടി രൂപയാണ്. ആസൂത്രണ സമിതികളുടെ അംഗീകാരം ഇനിയും ലഭിക്കാനുള്ള പ്രോജക്ടുകളുടെ എണ്ണം 267 മാത്രമാണ്. അവയുടെ അടങ്കൽ ഏകദേശം 22 കോടി രൂപ വരും.

**2.2** 2013-14 വാർഷിക പദ്ധതി നിർവഹണം 2014 ജനുവരിക്കകം പൂർത്തിയാക്കാൻ ഗ്രാമപഞ്ചായത്തുകൾ പരിശ്രമിച്ചു വരികയാണെന്നും അതിനാൽ പ്രോജക്ടുകൾക്ക് ഭേദഗതി വരുത്തുന്നതിന് 2013 ആഗസ്റ്റ് മാസത്തിൽ അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ നിവേദനം സമർപ്പിച്ചിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികളിൽ ഭേദഗതി വരുത്താൻ 2013 ഡിസംബർ മാസത്തിൽ അനുവദിച്ചാൽ മതിയെന്ന് 31.07.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം 2.4 ഇനമായി തീരുമാനിച്ചിട്ടുണ്ട് എന്നാൽ ആർ.എം.എസ്.എ പദ്ധതിക്ക് തുക വകയിരുത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകൾക്ക് കാലവർഷക്കെടുതി കാരണം മുൻകൂട്ടി കാണാൻ കഴിയാതിരുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിനും ചില അനുവാര്യ പ്രവൃത്തികൾക്ക് പ്രോജക്ട് വയ്ക്കാൻ വിട്ടുപോയ പഞ്ചായത്തുകൾക്ക് പദ്ധതി ഭേദഗതി വരുത്തേണ്ടതാണെന്നും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യവും പഞ്ചായത്ത് അസോസിയേഷന്റെ നിവേദനവും പരിഗണിച്ച് ഏറ്റവും അനിവാര്യമായ ഘട്ടങ്ങളിൽ മാത്രം ഡിസംബറിന് മുമ്പ് ഭേദഗതി അനുവദിക്കാൻ തീരുമാനിച്ചു. ഇത്തരം കേസുകൾ പരിശോധിച്ച് ഒഴിച്ചുകൂടാനാവാത്തവ മാത്രം സുലേഖ സോഫ്ട് വെയർ മുഖേന സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ആയത് പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഡിസംബർ മാസത്തിനു മുമ്പ് ഒറ്റത്തവണ മാത്രം ഈ സൗകര്യം നൽകിയാൽ മതിയെന്നും തീരുമാനിച്ചു.

**2.3** ഇപ്പോൾ ബി.പി.എൽ ഗുണഭോക്താക്കൾക്ക് ബി.പി.എൽ. സർട്ടിഫിക്കറ്റ് നൽകാനുള്ള ചുമതല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കാണെന്നും ചില പ്രദേശങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസുവരെ പോകാൻ ഗുണഭോക്താക്കൾ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്നും അതിനാൽ പ്രസ്തുത ചുമതല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകണമെന്നുമുള്ള അഭ്യർത്ഥന വകുപ്പുതലത്തിൽ ഫയൽ സർക്കുലേറ്റ് ചെയ്ത് പരിഗണിക്കാൻ നിർദ്ദേശിച്ചു.

**2.4** അക്രഡിറ്റഡ് ഏജൻസികളുടെ അംഗീകാരം സംബന്ധിച്ച് മാർഗരേഖയിലെ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനായി 'കില' സമർപ്പിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി. അക്രഡിറ്റേഷനുവേണ്ടി യുള്ള അപേക്ഷ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് മാർഗരേഖയിലെ അനുബന്ധം 1 ഫോർമാറ്റിൽ സമർപ്പിക്കേണ്ടതും, ടി അപേക്ഷകൾ അന്വേഷണ ത്തിനും പരിശോധനയ്ക്കുമായി കിലയിലേയ്ക്ക് നൽകേണ്ടതും, കില ആയത് സർക്കാർ ഉത്തരവിൽ നിയോഗിച്ചിട്ടുള്ള മേഖലാ വിദഗ്ദ്ധരിൽ ഓരോ മേഖലയിലേയ്ക്കും ലഭ്യമായ രണ്ടുപേരുടെ സേവനം പ്രയോജനപ്പെടുത്തി അന്വേഷണം നടത്തി കാര്യകാരണ സഹിതം ശുപാർശ തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് സമർപ്പിക്കുന്നതുമാണ്. അപേക്ഷകളുടെ അന്വേഷണത്തിന് നിയുക്ത രാകുന്നവർക്കുള്ള യാത്രാസൗകര്യം കില ലഭ്യമാക്കേണ്ടതും യാത്രാബത്തയും ദിനബത്തയും മറ്റും കിലയുടെ ഫണ്ടിൽ നിന്നും നൽകേണ്ടതുമാണ്.

'കില' നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷ നൽകുന്ന സ്ഥാപനങ്ങൾക്ക് അക്രഡിറ്റഡ് ഏജൻസികളായി അംഗീകാരം നൽകേണ്ടത്.

അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ അപേക്ഷ ഫീസായി 10000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് കിലയുടെ പേരിൽ തൃശൂരിൽ മാറാവുന്ന തരത്തിൽ എടുത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**3. പ്രത്യേക വിഷയങ്ങൾ**

**3.1 മീനങ്ങാടിഗ്രാമപഞ്ചായത്ത് (ഫയൽ നം. 483537/ഡി.എ2/13/തസ്വഭവ)തീയതി.21.08.2013**

മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര നെൽകൃഷി വികസന പദ്ധതി 2013-14 വർഷവും നടപ്പാക്കുന്നതിന് മുൻകൂർ അനുമതി ആവശ്യപ്പെട്ടത് അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 തിരുവനന്തപുരം കോർപ്പറേഷൻ (ഫയൽ 48550/ഡി.സി.2/തസ്വഭവ)**

**തീയതി. 21.08.2013**

തിരുവനന്തപുരം കോർപ്പറേഷന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 മുണ്ടക്കയം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 49566/ഡി.എ.2/13/തസ്വഭവ)**
**തീയതി.21.08.2013**

പഞ്ചായത്ത് ആവശ്യപ്പെട്ട വിഷയം സംബന്ധിച്ച് ഇപ്പോൾ തന്നെ ഉത്തരവുള്ളതാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 മംഗൾപ്പാടി ഗ്രാമപഞ്ചായത്ത് (ഫയൽ നം.48405/ഡി.ഡി.1/13/തസ്വഭവ)**
**(ബഹു എം.എൽ.എ. ശ്രീ.എൻ.എ.നെല്ലിക്കുന്ന് മുഖേന സമർപ്പിച്ചത്തീയതി. 21.08.2013**

മംഗൾപ്പാടി ഗ്രാമപഞ്ചായത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് എൽ.എസ്.ജി.ഡി ഓവർസീയർക്ക് എസ്റ്റിമേറ്റും വാലുവേഷനും എടുക്കാൻ അനുവാദം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 അഞ്ചൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 10520/ഡി.എ2/13/തസ്വഭവ)**
**തീയതി.21.08.2013**

ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന പ്രവൃത്തി അല്ലാത്തതിനാൽ പഞ്ചായത്തിന്റെ ആവശ്യം പരിഗണനാർഹമല്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 വാകത്താനം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 48823/ഡി.എ2/13/തസ്വഭവ))**
**തീയതി.21.08.2013**

ഗ്രാമപഞ്ചായത്തിന്റെ സൂചന പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കാത്തതിനു കാരണം വ്യക്തമാക്കണമെന്നും പ്രോജക്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 മൃഗസംരക്ഷണ വകുപ്പു ഡയറക്ടറുടെ റിപ്പോർട്ട്**
**(ഫയൽ നം. 48445/ഡി.എ1/13/തസ്വഭവ) തീയതി.21.08.2013**

മൃഗസംരക്ഷണ വകുപ്പു ഡയറക്ടറുടെ റിപ്പോർട്ടിലെ ഇനങ്ങൾ സബ്സിഡി മാർഗരേഖ പുതുക്കുമ്പോൾ പരിഗണിക്കണമെന്ന് 'കില' ഡയറക്ടർക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കേരളോത്സവം 2013 (ഫയൽ നം. 46639/എഫ്.എം.2/13/തസ്വഭവ)**
**തീയതി.21.08.2013**

മുൻവർഷങ്ങളിലേതുപോലെ ഈ വർഷവും നടപടി സ്വീകരിക്കാൻ അനുവാദം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 വെമ്പായം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 47322/ഡി.എ2/13/തസ്വഭവ)**
**തീയതി.21.08.2013**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പാലാ നഗരസഭ (ഫയൽ നം. 49580/ആർ.സി.യു/13/തസ്വഭവ)**
**തീയതി.21.08.2013**

നഗരസഭയുടെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ആലപ്പാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 47327/ഡി.എ2/13/തസ്വഭവ)**
**തീയതി.21.08.2013**

ജംഗാര സർവീസ് നടത്തിയ കാലയളവിലെ കുടിശ്ശിക നൽകാൻ പ്രോജക്ട് വയ്ക്കാനുള്ള ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 റാന്നി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 77686/ഡി.എ2/13/തസ്വഭവ)**
**തീയതി.21.08.2013**

ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം തത്വത്തിൽ അംഗീകരിച്ചു. പ്രത്യേക കോഡുകൾ നൽകുന്നത് അടുത്ത വർഷം പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ചെന്നിത്തല തൃപ്പൂണിത്തറ ഗ്രാമപഞ്ചായത്ത് തീയതി.21.08.2013**

ഗ്രാമപഞ്ചായത്തിന്റെ വയനാശാല ഗ്രാന്റ് പദ്ധതിക്ക് തനതുഫണ്ട് മാത്രം ഉപയോഗിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 48573/ഡി.ഡി2/13/തസ്വഭവ)**
**തീയതി.21.08.2013**

ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം സംബന്ധിച്ച് സി.ആർ.ഡി വിശദമായ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയശേഷം പരിഗണിക്കാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 മലപ്പുറം നഗരസഭ (ഫയൽ നം. 50560/ഡി.സി2/13/തസ്വഭവ) തീയതി.21.082013**

നഗരസഭയുടെ 12.02.2013-ലെ കൗൺസിൽ തീരുമാനിച്ചതിനു ശേഷമുള്ള പുതിയ സാഹചര്യം വ്യക്തമാക്കാനും ഫണ്ട് ലഭ്യത സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാനും നിർദ്ദേശിച്ചു. അതിനുശേഷം പരിഗണിക്കാമെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ഇരിക്കൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 51465/എഫ്.എം.1/13/തസ്വഭവ)**
**(തീയതി.21.08.2013)**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിൻമേൽ തൽക്കാലം നടപടി ആവശ്യമില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ഇട്ടിവ ഗ്രാമപഞ്ചായത്ത് - കൊല്ലം ജില്ല തീയതി. 21.08.2013**

ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം സംബന്ധിച്ച് കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുവാദം ആവശ്യമില്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 പാലക്കാട് നഗരസഭ (ഫയൽ നം. 74455/ഡി.സി.3/12/തസ്വഭവ) തീയതി.21.08.2013**

നഗരസഭയുടെ ആവശ്യം കെ.എസ്.ഇ.ബി.യുടെയും ഇ.എം.സി.യുടെയും നിർദ്ദേശങ്ങൾ കൂടി പരിഗണിക്കണമെന്ന വ്യവസ്ഥയോടെ അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 അത്തോളി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 50058/ആർ.സി.1/13/തസ്വഭവ)**
**തീയതി.21.08.2013**

അത്തോളി ഗ്രാമപഞ്ചായത്തിന്റെ ആവശ്യം സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 പയ്യന്നൂർ നഗരസഭ (ഫയൽ നം.45024/ഡി.സി.3/12/തസ്വഭവ)**

**തീയതി.21.08.2013** .

എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് ടെണ്ടർ കമ്മിറ്റിക്ക് പരിശോധനയ്ക്കു നൽകാൻ നിർദ്ദേശിച്ച് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 ഏഴിക്കര ഗ്രാമപഞ്ചായത്ത് (ബഹു. വി.ഡി. സതീശൻ എം.എൽ.എ വഴി സമർപ്പിച്ചത്) തീയതി.21.08. 2013**

കറന്റ് ചാർജ് കുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കുന്നത് സംബന്ധിച്ച് നടപടിയെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കണ്ണൂർ ജില്ലാ പഞ്ചായത്ത് തീയതി.21.08.2013**

വാഹനം വാങ്ങി നൽകാനുള്ള ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശം പരിഗണന അർഹിക്കുന്നില്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 കണ്ണൂർ ജില്ലാ പഞ്ചായത്ത് തീയതി.21.082013**

ഖാദി തൊഴിലാളികൾക്ക് ആവശ്യമുള്ള മാസ്ക്കും ആപ്രണും വാങ്ങി നൽകുന്ന പ്രോജക്ട് നടപ്പാക്കാൻ ജില്ലാ പഞ്ചായത്തിന് അനുവാദം നൽകി തീരുമാനിച്ചു. എന്നാൽ ഫണ്ട് ഗ്രാന്റായി നൽകാൻ പാടില്ലെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 'കില'യുടെ റിപ്പോർട്ട് (തീയതി.21.082013)**

അക്രഡിറ്റേഷൻ സംബന്ധിച്ച് 'കില' ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങൾ പൊതു വിഷയങ്ങൾ 2.4 ഇനമായി തീരുമാനിച്ചതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 കോട്ടയം ജില്ലാ പഞ്ചായത്ത് ( തീയതി.21.082013)**

പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നൽകുകയോ നിരാകരിക്കുകയോ ചെയ്താൽ മതിയാകുമെന്നും സർക്കാർ അനുമതി വാങ്ങാൻ നിർദ്ദേശിക്കേണ്ടതില്ലെന്നും യോഗം നിരീക്ഷിച്ചു. നിരാകരിച്ച പ്രോജക്ടുകളുടെ വിശദ വിവരങ്ങൾ കാര്യകാരണ സഹിതം സമർപ്പിക്കുകയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടതെന്നും നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 വടകര നഗരസഭ (തീയതി.21.082013)**

പ്ലാൻ കോഓർഡിനേറ്റർ നിയമനം സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡമനുസരിച്ച് നഗരസഭയുടെ ആവശ്യം പരിഗണന അർഹിക്കുന്നില്ലെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്തയോഗം അടുത്ത ആഴ്ച കാബിനറ്റ് യോഗ ദിവസം രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ്ഹാളിൽ ചേരുന്നതാണ്.***

**(യോഗം 9.30 ന് അവസാനിച്ചു)**